Draft #4 of File 76368/AD A3-4/2022/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 13-Sep-2022 03:48 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - സർവ്വകലാശാലയിലെ ഭാഗിക സമയ ശുചീകരണ ജോലിക്കാരുടെ വേതനം വർദ്ധിപ്പിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 9293/AD A 3/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.09.2022

*പരാമർശം:*-1) യു. ഒ. നം. 5015/എ3/2017/ഭ.വി. തീയതി, 16.08.2017

2) ഭാഗിക സമയ ശുചീകരണ ജോലിക്കാരുടെ 17.05.2022 തീയതിയിലെ അപേക്ഷ

3) യു. ഒ. നം. 3744/ADA3/2021/എം.ജി.യു. തീയതി, 02.08.2021

4) സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നം. 73833/ADA3-4/2022/ADMIN തീയതി, 15.06.2022

5) സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നം. ഒ.എ. 56/22.04/76368/ADA3-4/2022 തീയതി, 23.08.2022

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർവ്വകലാശാലയിലെ 2 മണിക്കൂർ ഭാഗിക സമയ ശുചീകരണ ജീവനക്കാരുടെ വേതനം ₹125/- രൂപ ആയി നിശ്ചയിച്ചിരുന്നു. ടി വേതനം വർദ്ധിപ്പിച്ച് നൽകണമെന്ന് സർവ്വകലാശാലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശുചീകരണ ജോലി ചെയ്യുന്നവർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർവ്വകലാശാലയിലെ ദിവസ വേതന/കരാർ ജീവനക്കാരുടെ പ്രതിദിന വേതനം പരാമർശം (3) പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. അതുപ്രകാരം ക്ലാസ് 4 വിഭാഗം താത്കാലിക ജീവനക്കാരുടെ ദിവസവേതനം 525/- രൂപ ആണ്. ആയതിനു ആനുപാതികമായി 2 മണിക്കൂർ ശുചീകരണ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കാൻ വൈസ് ചാൻസലർ ഉത്തരവായതിൻപ്രകാരം പരാമർശം (4) പ്രകാരം സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് സമർപ്പിച്ചിരുന്നു.

23.08.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പ്രസ്തുത വിഷയം പരിഗണിച്ച്, സർവ്വകലാശാലയിലെ ഭാഗിക സമയ ശുചീകരണ ജീവനക്കാരുടെ വേതനം പ്രതിദിനം 2 മണിക്കൂർ ജോലിക്ക് 125/- രൂപ എന്നത് 150/- (നൂറ്റിയമ്പത് രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
4. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
5. പി.ആർ.ഒ /ഐ.റ്റി. സെൽ/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എസ്.എസ്.1/2/എഡി.ഡി./ജനറൽ ക്യാഷ്/ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി.
7. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 76368/AD A3-4/2022/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 13-Sep-2022 03:48 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം